DJE- F – 1976/2021/DJE | കേരളാ ജയിൽ വകുപ്പ് | 16/12/2021

# കേരള സർക്കാർ

# വിജ്ഞാപനം

# <u>ദർഘാസ് പരസ്യം</u>

എറണാകുളം ജില്ലാ ജയിലിലെ ഭക്ഷ്യ ഉത്പ്പാദന യൂണിറ്റിലേയ്ക്ക് പൾവറൈസർ ഇൻസ്റ്റാൾ ചെയ്യുന്നതിന് ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. മുദ്രവച്ച ദർഘാസ് അടങ്ങിയ കവറിന് മുകളിൽ ദർഘാസ് നമ്പറും, പേരും എഴുതി സൂപ്രണ്ട് ജില്ലാ ജയിൽ, എറണാകുളം, C.S.E.Z P.O, കാക്കനാട്, പിൻ - 682 037 എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

ദർഘാസ് നമ്പർ - F-1976/2021/DJE-494

അടങ്കൽ തുക - 2,50,425/-

ദർഘാസ് ഫോമിന്റെ തുക - 500 രൂപ + 12 % GST

ഡ്യൂപ്ലിക്കേറ്റ് ദർഘാസ് ഫോമിന്റെ വില - 250 രൂപ + 12 % GST

ദർഘാസ് ഫോം ലഭിക്കുന്ന സ്ഥലം - സൂപ്രണ്ട് ഓഫീസ്, ജില്ലാ ജയിൽ, എറണാകുളം, കാക്കനാട്

ദർഘാസ് ഫോം വിതരണം തുടങ്ങുന്ന തീയതി - 20/12/2021

ദർഘാസ് ഫോം വിൽക്കുന്ന അവസാന തീയതിയും സമയവും - 19/01/2022, 03.00 PM

ദർഘാസ് തുറക്കുന്ന തീയതിയും സമയവും - 19/01/2022, 04.00 PM

വർക്ക് പൂർത്തിയാക്കുന്നതിനുള്ള സമയം - എഗ്രിമെന്റ് മുതൽ 20 ദിവസം

ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ദർഘാസ് ജയിൽ ആസ്ഥനകാര്യാലയത്തിൽ നിന്നുള്ള അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ച് നൽകുന്നതാണ്. ദർഘാസ് ഫോമിന് നൽകിയ വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോം VPP ആയി അയക്കുകയോ, ചെക്ക്, പോസ്റ്റേജ് സ്റ്റാമ്പ് മുതലായ ഫോമിന്റെ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല.

(ഒപ്പ്)

സൂപ്രണ്ട്
ജില്ലാ ജയിൽ, എറണാകുളം

# നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ട് അവർകളുടെ നമ്പർ F-1976/2021/DJE-902 ടെണ്ടറിലെ വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തി സമ്മതപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ എൽപ്പിക്കേണ്ടതാണ്.

2. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി അടങ്കൽ തുകയുടെ 1.5 % അടക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചാൽ മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളൂ. പ്രസ്തുത ടെണ്ടറിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾതന്നെ തിരിച്ച് നൽകുന്നതാണ്.

3. ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ വിളിച്ച് വ്യക്തി സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. ടെണ്ടർ നടത്തിയ തീയതി മുതൽ 30 (മുപ്പത്) ദിവസത്തിനകം ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ്സ് അവർകളുടെ ഉത്തരവിന് വിധേയമായി ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്.

4. നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് മറ്റൊരാളെ പ്രതിനിധീകരിച്ച് ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. അപ്രകാരം നിയമപരമായി അധികാരപ്പെടുത്തൽ അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള അധികാരം ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

5.ടെണ്ടർ നടത്തിപ്പ്, വ്യവസ്ഥകൾ എന്നിവ സംബന്ധമായി എന്തെങ്കിലും തർക്കം ഉണ്ടായാൽ, ടെണ്ടർ നടത്തുന്ന ബന്ധപ്പെട്ട ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

6. ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ പ്രകാരമുള്ള കാര്യങ്ങൾ ജയിലിൽ സ്ഥാപിക്കുന്നതിന് വാഗ്ദത്തം ചെയ്തിട്ടുള്ള സ്ഥാപനം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പ് വെയ്ക്കേണ്ടതും, ടെണ്ടർ അംഗീകരിച്ചതിന് ശേഷം 3 % സെക്യൂരിറ്റി ഡെപ്പോസിറ്റും (EMD ഉൾപ്പെടെ) വീണ്ടും 200 രൂപയുടെ മറ്റൊരു മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ് വെയ്ക്കേണ്ടതുമാണ്. ഇതിന് തയ്യാറാകാതിരുന്നാൽ അയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതുമാണ്. പുനർ ടെണ്ടർ നടത്തുന്നതുമൂലം സർക്കാരിന് ഉണ്ടായേക്കാവുന്ന കഷ്ട നഷ്ടങ്ങൾക്ക് പ്രസ്തുത സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതാണ്.

7. ടെണ്ടർ പ്രകാരമുള്ള വർക്ക് പൂർത്തിയാക്കിയതിന് ശേഷം തുക ട്രഷറി മുഖാന്തിരം സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.

8. GST രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾ മാത്രം ടെണ്ടറിൽ പങ്കെടുത്താൽ മതി.

9. തക്കതായ കാരണങ്ങൾ ഇല്ലാതെ നിശ്ചിത സമയത്ത് വർക്ക് പൂർത്തീകരിച്ചില്ലെങ്കിൽ അധികമായി എടുക്കുന്ന ഓരോ ദിവസത്തിനും 200/- രൂപ പിഴ അടക്കേണ്ടതാണ്.

10. സർക്കാർ കാലാകാലങ്ങളായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം പാലിക്കേണ്ടതാണ്.

(ഒപ്പ്)
സൂപ്രണ്ട്
ജില്ലാ ജയിൽ, എറണാകുളം